**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം - 2017 ഡിസംബർ , 2018 ജനുവരി , ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ -പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് നൽകാനുള്ള ഇൻസെന്റീവ് തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ ഉ (സാധാ) നം.6121/2018/ധന തിരുവനന്തപുരം തീയതി. 19.07.2018

---

പരാമർശം :- 1. സ ഉ ( എം എസ് ) 324/2016/ധന തീയതി 15/08/2016
2. സ ഉ ( സാധാ) 6950/2016/ധന തീയതി 23/08/2016
3. സ ഉ ( സാധാ) 7353/2016/ധന തീയതി 06/09/2016
4 സ ഉ ( സാധാ) 2473/2018/ധന തീയതി 03/03/2018
5. 03/07/2018 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ ഡി ബി റ്റി 37105/2017 നമ്പർ കത്ത്

**ഉത്തരവ്**

സാമൂഹ്യ സുരക്ഷ പെൻഷൻ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഒരു ഗുണഭോക്താവിന് പെൻഷൻ വിതരണം ചെയ്യുന്നതിന് 50 രൂപ നിരക്കിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവക്ക് ലഭിക്കുന്നതാണെന്ന് പരാമർശം (2) ഉം (3) ഉം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം 2017 ഡിസംബർ , 2018 ജനുവരി , ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുകയും അത് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്തിട്ടുള്ളതുമാണ്.

2) പരാമർശം ( 5) ലെ കത്തിൽ 2017 ഡിസംബർ , 2018 ജനുവരി , ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവർക്ക് നൽകേണ്ട ഇൻസെന്റീവ് തുക 93487400/- രൂപ (ഒൻപത് കോടി മുപ്പത്തി നാല് ലക്ഷത്തി എൺപത്തി ഏഴായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2017 ഡിസംബർ , 2018 ജനുവരി , ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവർക്ക് നൽകേണ്ട ഇൻസെന്റീവ് തുക 93487400/- രൂപ (ഒൻപത് കോടി മുപ്പത്തി നാല് ലക്ഷത്തി എൺപത്തി ഏഴായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. അനുവദിച്ച തുകയുടെ ശീർഷകം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

4) ഇൻസെന്റീവ് തുക വെള്ളയമ്പലം സബ് ട്രഷറിയിലെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് നമ്പർ 799012100000001 ൽ നിന്ന് പിൻവലിച്ച് അതാത് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർമാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കാൻ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി റ്റി സെല്ലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| തദ്ദേശ സ്വയംഭരണ സ്ഥാപനം | പെൻഷൻ ഇനം | അക്കൗണ്ട് ശീർഷകം | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| കോർപ്പറേഷൻ | വികലാംഗ പെൻഷൻ | 2235-02-191-50 (NP) | 270500 |
| | അഗതി പെൻഷൻ | 2235-60-191-50 (NP) | 807850 |
| | കർഷക തൊഴിലാളി പെൻഷൻ | 2235-60-191-50 (NP) | 83800 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-191-50 (NP) | 106100 |
| | വാർദ്ധക്യകാല പെൻഷൻ | 2235-60-191-48-02 (P) | 1409050 |
| | **ആകെ** | | **2677300** |
| മുനിസിപ്പാലിറ്റി | വികലാംഗ പെൻഷൻ | 2235-02-192-50 (NP) | 829000 |
| | അഗതി പെൻഷൻ | 2235-60-192-50 (NP) | 2667750 |
| | കർഷക തൊഴിലാളി പെൻഷൻ | 2235-60-192-50 (NP) | 880700 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-192-50 (NP) | 222200 |
| | വാർദ്ധക്യകാല പെൻഷൻ | 2235-60-192-48-02 (P) | 4853950 |
| | **ആകെ** | | **9453600** |
| ഗ്രാമപഞ്ചായത്ത് | വികലാംഗ പെൻഷൻ | 2235-02-198-50 (NP) | 7921000 |
| | അഗതി പെൻഷൻ | 2235-60-198-50 (NP) | 22167050 |
| | കർഷക തൊഴിലാളി പെൻഷൻ | 2235-60-198-50 (NP) | 13053850 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-198-50 (NP) | 1629550 |
| | വാർദ്ധക്യകാല പെൻഷൻ | 2235-60-198-48-02 (P) | 36585050 |
| | **ആകെ** | | **81356500** |
| **ആകെ** | | | **93487400** |